**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3097** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭിക്കുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് അറിയിക്കാമോ? | (എ) | കോവിഡ് മഹാമാരി കാരണം ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് നോർക്ക വഴി ലഭ്യമാക്കുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു. 1) 2020 ജനുവരി 1 മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും valid passport, valid job visa എന്നിവയുമായി നാട്ടിൽ എത്തി ലോക്ക് ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5000 രൂപ വീതം ധനസഹായം നൽകിയിരുന്നു. 2) കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. 3) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ടി പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകി വരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ വിഹിതം 2021 - 22 സാമ്പത്തിക വർഷം നിലവിലുള്ള 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 4) കോവിഡ് മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്കും വിദേശ തൊഴിൽ അവസാനിപ്പിച്ച് തിരികെയെത്തുന്നവരുമായ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും , സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതിന് 2021 - 22 സാമ്പത്തിക വർഷത്തിൽ നോർക്ക പ്രവാസി |

| | | | |
|---|---|---|---|
| | | | പുനരധിവാസ ഏകോപന സംയോജന പദ്ധതി മുഖേന 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. 5) തിരിച്ച് വരുന്ന പ്രവാസികൾക്ക് വേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ 2020 - 21 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ തുകയായ 27 കോടി രൂപയിൽ നിന്ന് 2021 - 22 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (ബി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 1) കോവിഡ് - 19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമ നിധി പെൻഷൻകാർക്ക് ധനസഹായമായി സർക്കാർ പ്രഖ്യാപിച്ചിരുന്ന 1000/- രൂപ, 2020 ഏപ്രിൽ മാസം തന്നെ ബോർഡ് നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമ നിധി പെൻഷൻ അനുവദിച്ചു വന്നിരുന്ന 14218 പേർക്കാണ് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) ടി തുക ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ അനുവദിച്ചത്. 2) ക്ഷേമ നിധി അംഗങ്ങളിൽ കോവിഡ് - 19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000/- രൂപ 31/03/2021 വരെ രോഗബാധിതരായവർക്ക് ബോർഡ് നൽകിയിട്ടുണ്ട്. 3) അംശാദായ കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് അത് പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും, പിഴ പലിശയും, കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ, 6 മാസക്കാലത്തേക്ക് ഒഴിവാക്കിയിരുന്നു. പിഴയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 2 കോടിയോളം രൂപ ഇപ്രകാരം ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 4) കോവിഡ് രണ്ടാം തരംഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് സർക്കാർ ധനസഹായമായി പ്രഖ്യാപിച്ച 1000/- രൂപ താമസംവിനാ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ